ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തൃശ്ശൂർ ജില്ലയിലെ പാലപ്പള്ളിയിൽ ഉള്ള മുപ്പിവാലി ഗ്രൂപ്പ് എസ്റ്റേറ്റുകളിൽ ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച് റഫറണ്ടം നടത്തിയിട്ടുണ്ട്. പ്രസ്തുത റഫറണ്ടത്തിൽ

1. റബ്ബർ എസ്റ്റേറ്റ് വർക്കേഴ്സ് കോൺഗ്രസ് (സി.ഐ.റ്റി.യു.)
2. പാലപ്പള്ളി റബ്ബർ എസ്റ്റേറ്റ് ലേബർ കോൺഗ്രസ്
3. റബ്ബർ എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ (എ.ഐ.റ്റി.യു.സി.)
4. കേരള സ്റ്റേറ്റ് എസ്റ്റേറ്റ് ആന്റ് പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ (റ്റി.യു.റ്റി.ഐ.)
5. തൃശ്ശൂർ ജില്ലാ എസ്റ്റേറ്റ് മസ്ദൂർ സംഘ് (ബി.എം.എസ്.)

എന്നീ യൂണിയനുകൾ പങ്കെടുക്കുകയുണ്ടായി. അതിൽ ആകെയുള്ള വോട്ടർമാരുടെ 15 ശതമാനമോ അതിൽ കൂടുതലോ വോട്ടു ലഭിച്ച

1. കേരള സ്റ്റേറ്റ് എസ്റ്റേറ്റ് ആന്റ് പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ (റ്റി.യു.റ്റി.ഐ.)
2. റബ്ബർ എസ്റ്റേറ്റ് വർക്കേഴ്സ് കോൺഗ്രസ് (സി.ഐ.റ്റി.യു.)
3. പാലപ്പള്ളി റബ്ബർ എസ്റ്റേറ്റ് ലേബർ കോൺഗ്രസ്

എന്നീ യൂണിയനുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പണിമുടക്കുകളുടെ ഏറ്റക്കുറച്ചിൽ

72 [3080] ശ്രീ. വി. ഡി. സതീശൻ:
,, എ. പി. അനിൽകുമാർ:
,, തമ്പാനൂർ രവി:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പണിമുടക്കുണ്ടായിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് ഇപ്പോൾ പണിമുടക്കുകൾ കുറഞ്ഞുവരുകയാണോ ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പണിമുടക്കുമൂലം എത്ര മാൻഡേയ്സ് നഷ്ടപ്പെട്ടു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 51 തൊഴിൽ സമരങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇപ്പോൾ പണിമുടക്കുകൾ കുറഞ്ഞുവരികയാണ്.

(സി) മുൻ സർക്കാരിന്റെ കാലത്ത് തൊഴിൽ സമരംമൂലം 15,01,460 മാൻഡേയ്സ് നഷ്ടപ്പെട്ടിട്ടുണ്ട്.

തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ ചട്ടങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ നടപടി

73 [3081] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ ചട്ടങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ചട്ടങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യേണ്ടത് സർക്കാരിലെ ഏതു വകുപ്പാണെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിൽ വകുപ്പിന്റെ കീഴിലെ ഏതെല്ലാം സ്ഥാപനങ്ങളിലെ ചട്ടങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യേണ്ടത് ആവശ്യമാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന ചട്ടങ്ങളാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ ഉദ്ദേശിക്കുന്നത്:

1. കേരള ബാല തൊഴിൽ (നിരോധനവും നിയന്ത്രണവും) ചട്ടങ്ങൾ, 1993.
2. പേയ്മെന്റ് ഓഫ് ബോണസ്സ് റൂൾസ്, 1975.
3. ദി കേരള വർക്ക്മെൻ കോമ്പൻസേഷൻ റൂൾസ്, 1958.
4. കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് റൂൾസ്, 1962.
5. കേരള കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) റൂൾസ്, 1974.

LIBRARY ARCHIVES Kerala Legislative Assembly